**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 364** **29-10-2021 - ൽ മറുപടിയ്ക്ക്**

**മൈനർ, മേജർ ഇറിഗേഷൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൈനർ, മേജർ ഇറിഗേഷൻ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | കടൽത്തീര സംരക്ഷണ പ്രവൃത്തികൾ, പുഴയോര സംരക്ഷണ പ്രവൃത്തികൾ, ഡീസിൽറ്റേഷൻ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെയും ആർ.സി.ബി-കളുടെയും നിർമ്മാണം, ലിഫ്റ്റ് ഇറിഗേഷൻ, തോടുകൾ, കുളങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, ഡാമുകളുടെയും, കനാലുകളുടെയും, ചിറകളുടെയും അറ്റകുറ്റ പണികൾ എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ആവശ്യമായ എല്ലാ നടപടികളും യഥാസമയം സ്വീകരിക്കാറുണ്ട്. ഇടത്തരം പദ്ധതിയായി വിഭാവനം ചെയ്തിട്ടുള്ള കാരാപ്പുഴ പദ്ധതിയുടെ കോൺക്രീറ്റ് സ്പിൽവേ ഉൾപ്പെടെ അണക്കെട്ടിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചതാണ്. അതുപോലെ ഇടതുകര - വലതുകര കനാലുകളുടെ പ്രവൃത്തികളും പൂർത്തീകരിച്ചിരുന്നതാണ്. എന്നാൽ 2018 ലെ പ്രളയത്തിൽ ഇടതുകര കനാലിന്റെ ചെയിനേജ് 4/800 കിലോമീറ്ററിൽ തകർച്ച ഉണ്ടാവുകയും തകർന്ന 96 മീറ്റർ നീളത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നു വരികയും ചെയ്യുന്നുണ്ട്. ആയതിന്റെ 90% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2021 നവംബർ മാസത്തോടെ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കും. പ്രവൃത്തികൾ പൂർത്തീകരി ക്കുന്ന മുറയ്ക്ക് കനാലുകൾ പൂർണ്ണമായും ജലസേചന യോഗ്യമാവുന്നതാണ്. ബ്രാഞ്ച് കനാലുകളുടെ 46.27 ശതമാനവും ഡിസ്ട്രിബ്യൂട്ടറികളുടെ 3.50 ശതമാനം പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്. ഇപ്പോൾ ഭാഗികമായാണ് ജല സംഭരണം നടത്തുന്നത്. റിസർവോയറിനായുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാൽ പൂർണ്ണതോതിലുള്ള ജല സംഭരണം സാധ്യമാവുന്നതാണ്. ബാണാസുരസാഗർ പദ്ധതിയുടെ ആകെ 2730 മീറ്റർ നീളം വരുന്ന പ്രധാന കനാലിന്റെ 2360 മീറ്റർ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്. ശാഖാ കനാലുകളായ വെണ്ണിയോട്, പടിഞ്ഞാറെത്തറ എന്നിവയിൽ 5390 മീറ്റർ നീളമുള്ള വെണ്ണിയോട് ശാഖാ കനാലിന്റെ 850 മീറ്റർ ഭാഗവും 2690 മീറ്റർ നീളമുള്ള പടിഞ്ഞാറെത്തറ ശാഖാ കനാലിന്റെ 197 മീറ്റർ ഭാഗവും പൂർത്തീകരിച്ചിട്ടുണ്ട്. 3485 മീറ്റർ നീളമുള്ള കാപ്പുംകുന്ന് ഡിസ്ട്രിബ്യൂട്ടറിയുടെ 785 മീറ്റർ ഭാഗം പൂർത്തീകരിച്ചിട്ടുണ്ട്. ഡൈവേർഷൻ ചേമ്പറിന്റെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാവർഷവും കൃഷിയ്ക്കായുള്ള ജലവിതരണത്തിന് മുന്നോടിയായി കനാലുകളുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നു. നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം പ്രവൃത്തി ഏറ്റെടുക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്. പ്രത്യേകിച്ച് പാറയുടെ ലഭ്യതക്കുറവ് കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ പൂർത്തീകരണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കോവിഡ്, ശക്തമായ കാലവർഷം, പ്രളയം തുടങ്ങിയ അപ്രതീക്ഷിത കാരണങ്ങളാൽ കരാർ കാലയളവിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാതെ വരുന്ന സാഹചര്യങ്ങളിൽ കരാറുകാർക്ക് സമയം നീട്ടിനല്കാറുണ്ട്. എങ്കിലും തക്കതായ കാരണമില്ലാതെ പ്രവൃത്തികൾ നടത്തുന്നതിൽ കാലതാമസം വരുത്തുന്ന കരാറുകാർക്ക് പിഴയോടുകൂടി മാത്രമാണ് സമയം നീട്ടി നല്കുന്നത്. അനുമതി ലഭിച്ച പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനായി വിവിധ തലങ്ങളിൽ തുടർച്ചയായി അവലോകന യോഗങ്ങൾ ചേരുകയും അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| (ബി) | ആറ്റുതീര സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | മേജർ ഇറിഗേഷൻ വിഭാഗം ആറ്റുതീര സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നല്കുന്നുണ്ട്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി (പ്ലാൻ & നോൺ പ്ലാൻ) ആറ്റുതീര പുറമ്പോക്ക് സംരക്ഷിക്കുന്നതിനായി ആറിന്റെ അപകടാവസ്ഥയിലുള്ള പാർശ്വങ്ങൾ സംരക്ഷണഭിത്തി കെട്ടിയും ജൈവ വേലികൾ നിർമ്മിച്ചും സംരക്ഷിച്ചുവരുന്നു. കൂടാതെ അനധികൃത കൈയ്യേറ്റങ്ങൾ നടത്തുന്ന വർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. പരാതിയുള്ള സ്ഥലങ്ങളിൽ റവന്യൂ വകുപ്പിന്റെ സഹായത്തോടെ അതിർത്തി നിർണ്ണയം നടത്തി പരിഹാരം കണ്ടെത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ